**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 472** **08-10-2024 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസനഫണ്ട് മാർഗ നിർദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാർഗ നിർദേശങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് എന്നത്തേക്ക് തീരുമാനമാകുമെന്ന് വ്യക്തമാക്കാമോ; | (എ) | ബഹു നിയമസഭാ സാമാജികർ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദ്ദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | നിർദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടും ഇതു സംബന്ധിച്ച് ഉത്തരവിറങ്ങുന്നതിൽ നേരിടുന്ന കാലതാസമത്തിന് കാരണം വിശദമാക്കാമോ; | (ബി) | ബഹു നിയമസഭാ സാമാജികർ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ആയത് ധന വകുപ്പിലെ വിവിധ വിങ്ങുകളിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലായെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള പരിശാധനകൾ നടത്തി വരികയുമാണ്. ആയത് പൂർത്തിയായ ശേഷമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇതു സംബന്ധിച്ച ഫയൽ നമ്പർ ഏതെന്നും നിലവിൽ പ്രസ്തുത ഫയൽ ആരുടെ പരിഗണനയിലാണെന്നും വ്യക്തമാക്കാമോ? | (സി) | പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദ്ദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച NC-B3/10/2023-FINനമ്പർ ഫയൽ ധന വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ